(സി) മുറിവേറ്റവരും പരിക്കുപറ്റിയവരും ആയവർക്ക് ഗവണ്മെന്റ് എന്തു സഹായങ്ങളും ചെയ്തു ;

(ഡി) മോട്ടോർ അപകടങ്ങളും ഒഴിവാക്കുവാൻ ഗവണ്മെന്റ് എന്തെങ്കിലും പ്ലാൻ തയ്യാറാക്കുന്നുണ്ടോ ?

ഗതാഗതവും തൊഴിലുംവകുപ്പുമന്ത്രി (ശ്രീ. കെ. ടി. അച്യുതൻ) :

(എ) 1,644.

(ബി) 1,454.

213.

(സി) മുറിവേറ്റവരും പരിക്കുപറ്റിയവരും ആയവർക്ക് 11,750 രൂപ നഷ്ടപരിഹാരമായി സ്റ്റേറ്റ് ഇൻഷ്വറൻസ് ഡിപ്പാർട്ടുമെന്റിൽനിന്നും കൊടുത്തിട്ടുണ്ട്. കൂടാതെ 1,900 രൂപ നഷ്ടപരിഹാരം കൊടുക്കാൻ ഗവണ്മെന്റ് ഉത്തരവായിട്ടുണ്ട്. മുറിവേറ്റവർക്കും പരിക്കുപറ്റിയവർക്കും കാമ്പൻസേഷൻ കൊടുക്കുന്നതിനു സ്റ്റേറ്റ് ട്രാൻസ്പോർട്ട് ഡിപ്പാർട്ടുമെന്റും സത്വര നടപടികളും എടുത്തുവരുന്നു.

(ഡി) മോട്ടോർ അപകടങ്ങൾ ഒഴിവാക്കുന്നതിനായി ഗവണ്മെന്റ് എടുത്തുവരുന്ന നടപടികളെന്തെല്ലാമാണെന്നു കാണിക്കുന്ന ഒരു ലിസ്റ്റ് മേശപ്പുറത്തു വച്ചിട്ടുണ്ട്. *

തൊളിലാളി—മുതലാളി പ്രാതിനിദ്ധ്യമുള്ള ജോയിന്റ് കൗൺസിലുകൾ.

* 937. [30] ശ്രീ. കെ. സി. എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിലെ വ്യവസായശാലകളിൽ തൊഴിലാളി മുതലാളി പ്രാതിനിദ്ധ്യമുള്ള ജോയിന്റ് കൗൺസിലുകൾ പ്രവൃത്തിക്കുന്നുണ്ടോ ;

(ബി) ഇതുപോലുള്ള കൗൺസിലുകൾ എല്ലാ വ്യവസായശാലകളിലും സംഘടിപ്പിക്കുവാൻ നടപടി എടുക്കുമോ ?

ഗതാഗതവും തൊഴിലുംവകുപ്പുമന്ത്രി (ശ്രീ. കെ. ടി. അച്യുതൻ) :

(എ) ചില വ്യവസായശാലകളിൽ ജോയിന്റുകൗൺസിലുകൾ പ്രവർത്തിക്കുന്നുണ്ട്.

(ബി) നടപടി എടുത്തുവരുന്നു.

UNSTARRED QUESTIONS AND ANSWERS

ഫാസ്റ്റ് പാസഞ്ചർ സർവ്വീസ്.

123. [1] ശ്രീ. പി. സി. ആദിച്ചൻ : താഴെ കാണുന്ന ചോദ്യത്തിനു ഗതാഗതവും തൊഴിലുംവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

റാന്നിമുതൽ കൊല്ലംവരെ കൈപ്പട്ടൂർവഴി ഒരു ഫാസ്റ്റ് പാസഞ്ചർ സർവ്വീസ് ഇടുന്ന കാര്യം പരിഗണിക്കുമോ ?

ഉത്തരം.

തൽക്കാലം സാദ്ധ്യമല്ല.

LIBRARY ARCHIVES Kerala Legislative Assembly